## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 383** **07.01.2014-ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പ്ലാൻറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും പവർ ഹൗസുകളുടെയും പരിസരത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങളിൽ കഴിഞ്ഞ വർഷം സൗരോർജ്ജ പ്ലാൻറുകൾ സ്ഥാപിച്ചിട്ടുണ്ടോ ; | (എ) കഴിഞ്ഞ വർഷം സൗരോർജ്ജ പ്ലാൻറുകൾ ഒന്നും സ്ഥാപിച്ചിട്ടില്ല. |
| (ബി) ഇതുവഴി എത്ര മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാമെന്നാണ് 2013-14-ലെ ബഡ്ജറ്റിൽ പ്രതീക്ഷിച്ചിരുന്നത് ; ഇത് പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ബി) ഈ വർഷം പാലക്കാട് കഞ്ചിക്കോട് ഒരു മെഗാവാട്ടിൻെറ സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കഞ്ചിക്കോട് 220 കെ.വി സബ്സ്റ്റേഷൻ പരിസരത്ത് ഒഴിഞ്ഞു കിടക്കുന്ന 5 ഏക്കർ സ്ഥലത്താണ് ഒരു മെഗാവാട്ട് സൗരോർജ്ജ പ്ലാൻറ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിലൂടെ 2013-14 ബഡ്ജറ്റിൽ ഒരു മെഗാവാട്ട് വൈദ്യുതി ഉല്പാദനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br>8 കോടി രൂപ പ്രോജക്ട് കോസ്റ്റ് (Project Cost) ആയി കണക്കാക്കപ്പെട്ടിട്ടുള്ളടി പദ്ധതിയുടെ പകുതി തുകയായ 4 കോടി രൂപ സർക്കാർ സാമ്പത്തിക സഹായമായി ബോർഡിന് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. പ്ലാൻറ് നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.